**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2857** **18-03-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **null**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ആദിവാസി മേഖലകളിലെ കൃഷിഭൂമികളെ രൂക്ഷമായ വന്യജീവിശല്യത്തിൽ നിന്നും സംരക്ഷിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ആദിവാസി മേഖലകളിലെ കൃഷിഭൂമികളെ രൂക്ഷമായ വന്യജീവിശല്യത്തിൽ നിന്നും സംരക്ഷിക്കാൻ വനം-വന്യജീവി വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. വന്യമൃഗശല്യം രൂക്ഷമായ കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസ മേഖലയിൽ ആന പ്രതിരോധമതിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രി, ബഹു. തദ്ദേശ സ്വയം ഭരണ - എക്സൈസ് വകുപ്പ് മന്ത്രി, എം എൽ എ മാർ എന്നിവരുടെ സാന്നിധ്യത്തിൽ ആറളം ഫാമിൽ വച്ച് യോഗം ചേരുകയുണ്ടായി കൂടാതെ വന്യജീവികളിൽ നിന്നും ആറളം ഫാമിന് സംരക്ഷണമൊരുക്കുന്നതിനായി മതിൽ നിർമ്മിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആദിവാസി മേഖലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനും വികസനത്തിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെ കുറിച്ച് വ്യക്തമാക്കാമോ? | (ബി) | അടിസ്ഥാന സൗകര്യവികസനം 1. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള ക്ഷേമപ്രവർത്തനങ്ങൾ എന്നിവയും പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാരന് ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസവും അടിസ്ഥാന സൗകര്യ വികസനവും തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. 2020-21 |

| | | | |
|---|---|---|---|
| | | | സാമ്പത്തികവർഷം അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 64 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. 2. കാർഷികമേഖലയുടെ പുനരുജ്ജീവനം കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി മില്ലറ്റ് വില്ലേജ് പദ്ധതി, നമത് വെള്ളാമെ, ഹരിതരശ്മി, ആറളം ഫാമിന്റെ നവീകരണ പദ്ധതി എന്നീ കാർഷിക പദ്ധതികൾ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ കൂടുതലുള്ള മേഖലകളിൽ നടപ്പാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ